**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3499** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ മേഖലയുടെ ഡിജിറ്റൽവൽക്കരണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത് തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി വിവിധ തൊഴിൽ മേഖലകൾ ഏകോപിപ്പിച്ച് തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനും അംഗങ്ങളുടെ വിവര ശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി ഒരു പൊതു സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനായി 25.03.2009-ലെ സ.ഉ.(സാധാ) നം. 443/2009/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 2011-ൽ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചു.<br><br>AIIS സോഫ്റ്റ് വെയറിന്റെ ഒന്നാം ഘട്ടമായ രജിസ്ട്രേഷൻ പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടത്തിലാണ് ആനുകൂല്യ വിതരണം, അംശദായം ഒടുക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. AIIS സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് തൊഴിലാളികളുടെ ആനുകൂല്യ വിതരണം പ്രസ്തുത സോഫ്റ്റ് വെയർ മുഖേന നടത്താൻ കഴിയും. |
| (ബി) | അസംഘടിത മേഖലയിലെ തൊഴിലാളികൾ, തൊഴിൽ അന്വേഷകർ, തൊഴിലുടമകൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച് സമഗ്രമായ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവര ശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി ആരംഭിച്ച അഡ്വാൻസ്ഡ് |

ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റ് വെയറിൽ തൊഴിലാളികളുടെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ രാജ്യത്തെ 38 കോടിയോളം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നാഷണൽ ഡാറ്റാബേസ് തയ്യാറാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര തൊഴിൽ മന്ത്രാലയം വികസിപ്പിച്ചെടുത്തിട്ടുള്ള ഇ-ശ്രം പോർട്ടൽ മുഖേന 6080115 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**<u>കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്</u>**

നിലവിൽ തൊഴിലാളികളുടെ പ്രതിമാസ വേതന വിതരണത്തിന്റെ ഭാഗമായിട്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലുടമകളുടെയും തൊഴിലാളികളുടെയും ഡാറ്റാ ബേസ് ബോർഡ് സൂക്ഷിക്കുന്നുണ്ട്.

**<u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങൾ ആയ തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവരുടെ ഡാറ്റാബേസ് ലഭ്യമാണ്.

**<u>കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലുടമകളുടെയും തൊഴിലാളികളുടെയും വിവരങ്ങൾ ഡാറ്റാബേസിൽ ശേഖരിച്ചിട്ടുണ്ട്.

**<u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**

കേരള സംസ്ഥാന അസംഘടിത മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് സ.ഉ.(അച്ചടി) നം.24/2016/ തൊഴിൽ 02/02/2016-ലെ ഉത്തരവിനാൽ വിജ്ഞാപനം ചെയ്യപ്പെട്ട ക്ഷേമനിധി പദ്ധതിയാണ് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതി. ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്തതും മറ്റ് ക്ഷേമപദ്ധതിയിൽ അംഗത്വം

| | | | |
|---|---|---|---|
| | | | നേടിയിട്ടില്ലാത്തതുമായ അസംഘടിതരായ സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ ബന്ധപ്പെട്ട ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അംഗത്വം നേടുന്നതിനും പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യം കൈപ്പറ്റുന്നതിനും സാധിക്കുന്നതാണ്. പദ്ധതിയിൽ അംഗത്വം നേടിയിരുന്ന തൊഴിലാളികൾ ഉൾപ്പെടെ സംസ്ഥാനത്തെ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിശദാംശങ്ങൾ ഒരു ഏകീകൃത സംവിധാനത്തിലൂടെ ഇലക്ട്രോണിക് രൂപത്തിൽ ശേഖരിച്ച് ഡാറ്റായുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ രേഖകൾ ആവശ്യമുള്ള സമയങ്ങളിൽ വീണ്ടെടുത്ത് ആനുകൂല്യം അടക്കമുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായും സൗകര്യത്തോടുംകൂടി പൂർത്തിയാക്കുന്നതിന് തനത് സോഫ്റ്റ്‌വെയർ സജ്ജമാക്കി പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.<br><br>**<u>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്</u>**<br><br>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ സംഘടിത മേഖലയിലെ തൊഴിലാളികളാണ് ക്ഷേമനിധിയുടെ പരിധിയിൽ വരുന്നത്.<br><br>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ തൊഴിലാളികളുടെ സമഗ്രമായ ഡാറ്റാബേസ് ക്രോഡീകരിച്ച് സൂക്ഷിക്കുന്നുണ്ട്.<br><br>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് എന്നീ ബോർഡുകളിൽ തൊഴിലാളികളുടെ സമഗ്രമായ ഡാറ്റാബേസ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | തൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഗുണഫലങ്ങൾ വേഗത്തിലും കാര്യക്ഷമമായും അവരിലേക്കെത്തിക്കുന്നതിന് തൊഴിൽ മേഖലയുടെ ഡിജിറ്റൽവൽക്കരണം എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി വിവിധ തൊഴിൽ മേഖലകൾ ഏകോപിപ്പിച്ച് തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവര ശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി ഒരു പൊതു സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനായി 25.03.2009 ലെ സ.ഉ.(സാധാ) നം. 443/2009/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 2011-ൽ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചു.<br><br>AIIS സോഫ്റ്റ് വെയറിന്റെ ഒന്നാം ഘട്ടമായ രജിസ്ട്രേഷൻ പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടത്തിലാണ് ആനുകൂല്യ വിതരണം, അംശദായം ഒടുക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. AIIS സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഗുണഫലങ്ങൾ വേഗത്തിലും കാര്യക്ഷമമായും അവരിലേയ്ക്കെത്തിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ക്ഷേമനിധി ബോർഡുകളിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**<br><br>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിനായി ബോർഡിന്റെ തനത് സോഫ്റ്റ് വെയർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ആയതിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. സോഫ്റ്റ്‌വെയർ പ്രവർത്തനം പൂർണ്ണ സ്ഥിതിയിലാവുന്നതോടെ തൊഴിലാളികൾക്ക് ബോർഡിലേയ്ക്കുള്ള അംശാദായം ഓൺലൈനായി അടവാക്കുന്നതിനും ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളും മറ്റ് സേവനങ്ങളും ആയതിലൂടെ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകൾക്കായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നടപ്പിലാക്കുന്ന AIIS |

സോഫ്റ്റ്‌വെയർ മുഖേനയും അംഗത്വം ചേർത്തുപോരുന്നുണ്ട്.

**<u>കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയൽ ബോർഡ്</u>**

ബോർഡിലെ തൊഴിലാളികളുടെ അംഗത്വ രജിസ്ട്രേഷൻ, ആനുകൂല്യ വിതരണം തുടങ്ങിയവ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ NIC മുഖേന സ്വീകരിച്ചു വരുന്നു. ഇതിലൂടെ തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആനുകൂല്യ വിതരണം എന്നീ നടപടി ക്രമങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിന് സാധിക്കുന്നതാണ്.

**<u>കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്</u>**

നൂതന സാങ്കേതിക വിദ്യ വഴി ക്ഷേമാനുകൂല്യങ്ങൾ കാര്യക്ഷമമായും സുതാര്യമായും വിതരണം ചെയ്യുന്നതിന് 2023 ജനുവരി മുതൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആസ്ഥാന ഓഫീസിലും 2023 ഏപ്രിൽ മുതൽ ജില്ലാ-സബ് ഓഫീസുകളിലും സമ്പൂർണ്ണ ഇ-ഓഫീസ് നടപ്പിലാക്കി. ക്ഷേമാനുകൂല്യങ്ങളുടെ വിതരണം കാര്യക്ഷമവും സുഗമവും ആക്കുന്നതിനും അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുമായി സോഫ്റ്റ്‌വെയർ, കൂടാതെ ബോർഡിന്റെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭിക്കുന്നതിനായി മൊബൈൽ ആപ്പ് എന്നിവ വികസിപ്പിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫെബ്രുവരി 2026-ൽ ആയത് പൂർണ്ണമായും പ്രവർത്തന സജ്ജമാകും. ഇത്തരത്തിൽ സാമൂഹ്യ സുരക്ഷ പദ്ധതികളുടെ ഗുണഫലങ്ങൾ തൊഴിലാളികൾക്ക് വേഗത്തിലും കാര്യക്ഷമമായും ലഭിക്കുന്നു.

**<u>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധങ്ങളായ ആനുകൂല്യ അപേക്ഷകൾ പാസ്സാക്കി യഥാസമയം ഡി.ബി.റ്റി സംവിധാനത്തിലൂടെ വിതരണം ചെയ്തുവരുന്നു. ആയതിലൂടെ തൊഴിലാളികൾക്ക് അർഹമായ തുക വേഗത്തിലും കാര്യക്ഷമമായും എത്തിക്കുന്നതിന് സാധിക്കുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് – ഡിജിറ്റലൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി

രസീതുകളുടെ ബാക്ക് ലോഗ് എൻട്രി, ഫയലുകളുടെ സ്കാനിംഗ് എന്നീ നടപടികൾ പുരോഗമിച്ചു വരുന്നു.

**<u>കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ സ്ഥാപനമായ കെൽട്രോൺ രൂപകൽപ്പന ചെയ്ത ഐ-വെൽഫെയർ സോഫ്റ്റ്‌വെയർ മുഖേന അംഗത്വ രജിസ്ട്രേഷൻ, അംശദായം അടവാക്കൽ, പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യവിതരണം എന്നിവ നടത്തി വരുന്നതിനോടൊപ്പം ബോർഡിൽ മൊബൈൽ ആപ്ലിക്കേഷൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

**<u>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

തൊഴിലാളികൾക്ക് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന, സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ സുരക്ഷ പദ്ധതികളുടെ ഗുണഫലങ്ങൾ വേഗത്തിലും കാര്യക്ഷമമായും അവരിലേക്കെത്തിക്കുന്നതിന് തൊഴിൽ മേഖലയുടെ ഡിജിറ്റൽവത്കരണം ഏറെ സഹായകമായിട്ടുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിന് www.plantationworker.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈൻ പോർട്ടൽ സംവിധാനം നിലവിലുണ്ട്. അംഗങ്ങളുടെ രജിസ്ട്രേഷൻ, മറ്റ് ആവശ്യങ്ങൾക്കായി എ.ഐ.ഐ.എസ് സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ച് വരുന്നു.

**<u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിബോർഡിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ടതും, കാര്യക്ഷമവുമായ സേവനം ഉറപ്പുവരുത്തുന്നതിന് വേണ്ടി, നിധി എന്ന പേരിൽ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച ഫയൽ നീക്കം വേഗത്തിലാക്കുവാൻ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ബോർഡിൽ നിന്നും തൊഴിലാളികൾക്ക് അനുവദിച്ച പെൻഷൻ, ലോണുകൾ തുടങ്ങിയ എല്ലാ പി.എഫ്

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങളും ഡി.ബി.റ്റി സംവിധാനം വഴി നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുകയാണ് ചെയ്യുന്നത്. ഇതുമൂലം ബോർഡിലെ ആനുകൂല്യവിതരണം വേഗത്തിലും കാര്യക്ഷമമായും നടത്താൻ സാധിച്ചിട്ടുണ്ട്.<br><br>**<u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**<br><br>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2019 മുതൽ സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ ബോർഡിന്റെ തനത് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ സംവിധാനത്തിലൂടെ ഡി.ബി.റ്റി ആയി സമയ ബന്ധിതമായി വിതരണം ചെയ്തുവരുന്നു. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ സൂക്ഷിക്കുന്നതിനായി ഒ.റ്റി.പി സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.<br><br>**<u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**<br><br>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയുടെ തനത് സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുമായി തദ്ദേശീയമായി പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രം പൊതുസേവന കേന്ദ്രങ്ങൾ (കോമൺ സർവ്വീസ് സെന്റർ) ഓൺലൈൻ സേവനങ്ങൾ പ്രധാനം ചെയ്യുന്ന കമ്പ്യൂട്ടർ സെന്ററുകൾ മുതലായവ മുഖേന പദ്ധതിയുടെ തനത് സോഫ്റ്റ്‌വെയർ വെബ്സൈറ്റിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും ആയത് ജില്ലാ ഓഫീസ് മുഖേന അപ്പ്രൂവൽ ചെയ്ത് അംശദായം ഒടുക്കുന്നതിന് സൗകര്യം ലഭ്യമാക്കി യിട്ടുള്ളതാണ്. കൂടാതെ വിപുലമായ എണ്ണം ഇടപാടുകളും ഒരേ സമയം കൃത്യതയോടും ഡെബിറ്റ്/ക്രെഡിറ്റ് ഉപഭോഗം, റീഫണ്ട് സംവിധാനം, ഇടപാടുകളുടെ റദ്ദാക്കൽ, വ്യാജ ഇടപാടുകൾ കണ്ടെത്തുന്നതിനും നെഗറ്റീവ് ഡാറ്റാബേസ് കണ്ടെത്തി ആയത് പരിഹരിക്കുന്നതിനും തുക ഒടുക്കുന്ന ദിവസം തന്നെ പൂളിങ് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും ഇടപാടുകൾ സംബന്ധിച്ച ആവശ്യമായ MIS റിപ്പോർട്ട് അന്നേ ദിവസം തയ്യാറാക്കുന്നതിനുള്ള സൗകര്യം ഫെഡറൽ ബാങ്ക് സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) | വിദഗ്ധ -അവിദഗ്ധ തൊഴിലാളികളുടെ ലഭ്യതയിൽ പ്രാദേശികമായി നേരിടുന്ന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സംസ്ഥാനാന്തരപ്രയാണം വ്യവസ്ഥാപിതമായ | (ഡി) | വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ലഭ്യതയിൽ പ്രാദേശികമായി നേരിടുന്ന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സംസ്ഥാനാന്തരപ്രയാണം വ്യവസ്ഥാപിതമായ |

| | | | |
|---|---|---|---|
| | നിലയിലേക്ക് കൊണ്ടുവരുന്നതിനും വിവര സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | നിലയിലേക്ക് കൊണ്ടുവരുന്നതിനും വിവര സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ